**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6763 | 09.11.2016 -ൽ മറുപടിക്ക്

## വെള്ളിനേഴി കലാഗ്രാമത്തിനായി ടൂറിസം വകുപ്പ് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ശശി | ശ്രീ. എ.സി. മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) |
| എ) പാലക്കാട് ജില്ലയുടെ ടൂറിസം -സാംസ്കാരിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കലാ സാംസ്കാരിക ഉന്നമനത്തിന്റെ മുഖ്യ കേന്ദ്രമായ 'വെള്ളിനേഴി കലാഗ്രാമം' സാംസ്കാരിക കേന്ദ്രമാക്കുവാനുള്ള പ്രവർത്തനം എന്നു തുടങ്ങിയെന്നും, നിലവിൽ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ; | എ) വെള്ളിനേഴി കലാഗ്രാമം സാംസ്കാരിക കേന്ദ്രമാക്കുവാനായി 22.01 .15-ലാണ് നിർമ്മാണ പ്രവർത്തനം ആരംഭിച്ചത് . നിർമ്മാണ പ്രവർത്തനങ്ങൾ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത കലാഗ്രാമത്തിന്റ പ്രവൃത്തികൾക്കായി ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് തുക എത്രയെന്നും കഴിഞ്ഞ സർക്കാർ കാലയളവിൽ ടൂറിസം വകുപ്പ് എത്ര തുക അനുവദിച്ചുവെന്നും എത്ര തുക ഇതിന്റെ പ്രവൃത്തികൾക്ക് വിനിയോഗിച്ചുവെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ; | ബി) വെള്ളിനേഴി കലാഗ്രാമവുമായി ബന്ധപ്പെട്ട സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് 6.03 കോടി രൂപയുള്ള എസ്റ്റിമേറ്റ് ഡിടിപിസി മുഖേന സർക്കാരിന് സമർപ്പിച്ചിരുന്നത് 2 കോടിയായി പരിമിത പ്പെടുത്തി ഉത്തരവു പുറപ്പെടുവിച്ചു. അനുമതി നൽകിയ 2 കോടിയിൽ 1 കോടി രൂപ ടൂറിസം വകുപ്പും, 1 കോടി രൂപ ഷൊർണൂർ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും |

| | | | |
|---|---|---|---|
| | | | ചെലവഴിക്കുന്നതിനുമാണ് ഉത്തരവായത്. ടൂറിസം വകുപ്പിന്റെ വിഹിതമായ ഒരു കോടി രൂപയിൽ നിന്നും ആദ്യ ഗഡുവായി 50 ലക്ഷം രൂപ ഇതിനകം നിർമ്മാണ ചുമതല ഏറ്റെടുത്തിട്ടുള്ള തിരുവനന്തപുരം ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് കൈമാറിയിട്ടുണ്ട്. |
| സി) | മുൻ ഷൊർണ്ണൂർ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച തുക എത്രയെന്നും എത്ര തുക നിർമ്മാണ പ്രവൃത്തികൾക്കായി നാളിതുവരെ ഉപയോഗിച്ചു എന്നും വ്യക്തമാക്കുമോ; | സി) | എം. എൽ. എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഇത് വരെ തുകയൊന്നും ലഭ്യമായിട്ടില്ല. |
| ഡി) | പ്രസ്തുത കലാഗ്രാമത്തിന്റെ പൂർത്തീകരണത്തിനായി ഇപ്പോൾ ടൂറിസം വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം എന്നും, എപ്പോൾ കലാഗ്രാമം പ്രവർത്തനം തുടങ്ങുമെന്നും വ്യക്തമാക്കുമോ? | ഡി) | സാങ്കേതിക കാരണങ്ങളാൽ താൽക്കാലിക മായി നിർത്തിവച്ചിരുന്ന പദ്ധതിയുടെ പൂർത്തീകരണത്തിനായി അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ